"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജയിലുകൾ - കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ അന്തേവാസി ഉദയകുമാർ. കെ-യുടെ മാനസികനില സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ട് - തുടർനടപടികൾക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1287/2026/HOME തീയതി,തിരുവനന്തപുരം, 06-04-2026

---

പരാമർശം:-

1. ബഹു. കാസർഗോഡ് അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതിയുടെ SC No. 7/2021 നമ്പർ കേസിലെ 27.02.2024 തീയതിയിലെ വിധിന്യായം.
2. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിന്റെ 02.04.2024 തീയതിയിലെ WP1-6975/2024/PrHQനമ്പർ കത്ത്.
3. സ.ഉ.(സാധാ.) നം. 3332/2025/HOME തീയതി, 25.09.2025.
4. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിന്റെ 05.01.2026 തീയതിയിലെ KPCS/7224/2025-WP1 നമ്പർ കത്ത്.
5. BNSS സെക്ഷൻ 377 പ്രകാരം രൂപീകരിച്ച കമ്മീഷൻറെ 17.02.2026 തീയതിയിലെ സമർപ്പിച്ച റിപ്പോർട്ട്.
6. സ.ഉ.(സാധാ.) നം. 1099/2026/HOME തീയതി, 21.03.2026

**<u>ഉത്തരവ്</u>**

ബഹു. കാസർഗോഡ് അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതിയുടെ പരാമർശം (1) വിധിപ്രകാരം, Indian Penal Code (IPC)-ലെ 324, 326, 302 വകുപ്പുകൾ പ്രകാരം കുറ്റക്കാരനെന്ന് കണ്ടെത്തി കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ പാർപ്പിക്കുകയും, പിന്നീട് Code of Criminal Procedure (CrPC)-ലെ 334-ാം വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കപ്പെടുകയും ചെയ്ത ഉദയകുമാർ കെ. എന്ന അന്തേവാസിയെ, കോടതി നിർദ്ദേശാനുസരണം നിലവിൽ കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ പാർപ്പിച്ചിരിക്കുകയാണ്. ഇദ്ദേഹത്തിന്റെ മാനസികനില വിലയിരുത്തി പ്രസ്തുത കേന്ദ്രത്തിൽ തന്നെ തുടരണമോ അതോ മോചിപ്പിക്കണമോ എന്ന കാര്യത്തിൽ CrPC 338, 339 വകുപ്പുകൾ പ്രകാരം തുടർനടപടികൾ കൈക്കൊള്ളണമെന്ന് പരാമർശം (2) പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് അഭ്യർത്ഥിക്കുകയുണ്ടായി. ഇതിൻ പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി BNSS 377-ാം വകുപ്പ് പ്രകാരം ഒരു കമ്മീഷനെ നിയമിച്ച് പരാമർശം (3) പ്രകാരം ഉത്തരവാകുകയും, പ്രസ്തുത കമ്മീഷന്റെ കാലാവധി 28.02.2026 വരെ ദീർഘിപ്പിച്ച് പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

2. കമ്മീഷൻ പരാമർശം (5) പ്രകാരം റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ഉദയകുമാർ കെ.-യെ മാനസികാരോഗ്യ കേന്ദ്രത്തിലോ, സർക്കാരോ എൻ.ജി.ഒ.കൾ നടത്തുന്ന അംഗീകൃത പുനരധിവാസ കേന്ദ്രത്തിലോ പരിചരണത്തിൽ പാർപ്പിക്കണമെന്നും, നിലവിലെ മാനസികാവസ്ഥ പരിഗണിക്കുമ്പോൾ ഇദ്ദേഹം കുടുംബാംഗങ്ങളെ ഉപദ്രവിക്കാനുള്ള സാധ്യതയുള്ളതിനാൽ യാതൊരു കാരണവശാലും മാതാവിനോ മറ്റ് കുടുംബാംഗങ്ങൾക്കോ ഒപ്പം താമസിക്കാൻ വീട്ടിലേക്ക് വിടാൻ പാടില്ലെന്നും കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉദയകുമാർ കെ.-യുടെ നിലവിലെ മാനസികാവസ്ഥയും പൊതുസമൂഹത്തിന്റെ സുരക്ഷയും മുൻനിർത്തി ഇദ്ദേഹത്തെ വിട്ടയക്കുന്നത് ഉചിതമല്ലെന്ന് സർക്കാർ വിലയിരുത്തുന്നു. അതിനാൽ, പരാമർശം (5)-ലെ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ അംഗീകരിച്ച്, ഉദയകുമാർ കെ. എന്ന അന്തേവാസിയെ കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ തന്നെ തുടർന്നും പാർപ്പിക്കുവാൻ ഉത്തരവാകുന്നു.

4. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും, അന്തേവാസിയുടെ മാനസികനിലയിലുണ്ടാകുന്ന മാറ്റങ്ങൾ കൃത്യമായ ഇടവേളകളിൽ നിരീക്ഷിച്ച് നിയമപരമായ പുനഃപരിശോധനകൾ യഥാസമയം നടത്തുന്നതിന് ആവശ്യമായ നടപടികൾ ഉത്തരവാദപ്പെട്ടവരുമായി ബന്ധപ്പെട്ട് കൈക്കൊള്ളേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

അഡീഷണൽ ജില്ലാ & സെഷൻസ് ജഡ്ജ്, കാസർഗോഡ്.
ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവീസസ്, തിരുവനന്തപുരം
സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, കണ്ണൂർ
സൂപ്രണ്ട്, സർക്കാർ മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട്
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Amina B
സെക്ഷൻ ഓഫീസർ
Date: 06-04-2026 11:48:26